# KSRTC യിൽ ഒരു തൃശ്ശൂർ  മൈസൂർ യാത്ര.

കഴിഞ്ഞ 5 വർഷമായി, റെയിൽവേ സ്റ്റേഷനിലെയ്ക്ക് ഉള്ള എന്റെ നടത്തത്തിൽ, വാച്ച് നോക്കാതെ സമയം പറഞ്ഞു തന്നിരുന്ന ഒരു ബസ് ആയിരുന്നു 7.40 ന് ഷോർണ്ണൂർ വഴി പോകുന്ന തൃശ്ശൂർ  മൈസൂർ ഫാസ്റ്റ് പാസഞ്ചർ. അതിലൊന്ന് യാത്ര ചെയ്യണമെന്നുള്ളത് ആ കാലം മുതലുള്ള ആഗ്രഹമായിരുന്നു. ഇന്നലെ അത് സാധിച്ചു. വനമേഖലയിലൂടെയുള്ള യാത്രകളിൽ എനിക്കുള്ള കമ്പത്തിന് പറ്റിയ ബസ് ആണ് അത്. അതും, മുദുമലൈ, ബന്ദിപ്പൂർ എന്നീ ഭീകര വനങ്ങളിലൂടെ! ഒരു ഒഴിവു ദിവസം നോക്കി പെടച്ചു ഒരു ട്രിപ്പ്.




ഷോർണ്ണൂർ നിന്ന് ഏഴേ മുക്കാലോടെ ഞാൻ ബസ് കയറി. എന്റെ പ്രിയപ്പെട്ട സീറ്റ് ആയ, സീറ്റ് നമ്പർ 51ൽ രാജാവിനെ പോലെ ഞാൻ ഇരുന്നു. മിനറൽ വാട്ടറും, വിക്സും, വായുഗുളികയും ഒക്കെ ഞാൻ കരുതിയിരുന്നു. ഒപ്പം എന്റെ പുതിയ ഡിജിറ്റൽ ക്യാമറയും. കാഴ്ചയിലെ പോലെ തന്നെ കണ്ടീഷനിലും അടിപൊളിയായിരുന്നു ബസ്. അശോക് ലെയ്‌ലാൻഡ് വൈക്കിംഗ് ചേസിസ്. 6 സ്പീഡ് മാന്വൽ ട്രാൻസ്മിഷൻ. ഇരിങ്ങാലക്കുടക്കാരൻ വിശ്വംഭരൻ സാറിന്റെ നല്ല തകർപ്പൻ ഡ്രൈവിംഗ്. 10 മിനിറ്റ് നേരത്തെ പെരിന്തൽമണ്ണ എത്തി.

ഞാൻ മെല്ലെ ഫോട്ടോയെടുപ്പ് തുടങ്ങി. പിന്നെയങ്ങോട്ട് വണ്ടൂർ, നിലമ്പൂർ, വഴിക്കടവ്... വഴിക്കടവ് കഴിഞ്ഞ് ചുര മേഖലയാണ്. സൈലന്റ് വാലിയോടു ചേർന്ന് കിടക്കുന്ന ന്യൂ അമരമ്പലം റിസർവ് ഫോറസ്റ്റ് എന്ന ആനക്കാട്! ബസ് വളരെ കൂളായി ചുരം കയറി, തമിഴ്നാട് സംസ്ഥാനം പ്രവേശിച്ച് നാടുകാണി എത്തിയതോടെ നല്ല തകർപ്പൻ മഴ പെയ്തു. ഊട്ടിയോട് വളരെ അടുത്തുള്ള സ്ഥലം മഴ പെയ്തതോടെ കൂടുതൽ മനോഹരമായി. ദേവല പോലീസ് സ്റ്റേഷൻ അതിർത്തിയൊക്കെ ആ സമയത്ത് ഒന്ന് കാണേണ്ട കാഴ്ച തന്നെയാണ്. ഊട്ടി പോലെ തന്നെ തേയിലത്തോട്ടങ്ങൾ അവിടെയിവിടെയൊക്കെ ഉണ്ട്. ഗൂഡല്ലൂർ വരെ മഴ പെയ്തു. എന്റെ ഫോട്ടോഗ്രാഫി കുളമാകുമോ എന്ന് ഞാൻ സംശയിച്ചെങ്കിലും, ഗൂഡല്ലൂർ കഴിഞ്ഞ് മുളങ്കാടുകൾ എത്തിയപ്പോഴേയ്ക്കും മഴ നിലച്ചു. പിന്നീട് അങ്ങോട്ട് മുദുമലൈ ടൈഗർ റിസർവ്വ് ആണ്.

എന്റെ ഫോട്ടോയെടുപ്പ് കണ്ടിട്ടാവണം, വനം കേറിയ ഉടനെ കണ്ട പുള്ളിമാൻ കൂട്ടങ്ങളെ ഡ്രൈവർ സർ കാണിച്ചു തന്നു. ‘രാത്രിയായാൽ ഈ വഴിയ്ക്ക് കണ്ടമാനം ആനയാണ്‘ തൃശ്ശൂർ ഭാഷയിൽ പുള്ളി പറഞ്ഞു. വനം തുടങ്ങിയതോടെ അന്തരീക്ഷത്തിൽ ആനച്ചൂര് ഉണ്ടായിരുന്നു. നമ്മൾ മൃഗശാലയിലൊക്കെ ചെല്ലുമ്പോൾ ഉള്ള ഒരു ഗന്ധമുണ്ടല്ലോ അത് വനമേഖലയിലുടനീളം ഉണ്ടായിരുന്നു. തൊട്ടടുത്തെ മരത്തിനു പിന്നിൽ ഏതോ ഒരു മൃഗം നിൽപ്പുണ്ടെന്ന് തോന്നിപ്പോകും. ഞാൻ ഫോട്ടോയും വീഡിയോയും എടുത്തുകൊണ്ടേയിരുന്നു. തെപ്പക്കാട് ആനക്യാമ്പിലെ താപ്പാനയെ, ഫോറസ്റ്റ് റിസപ്ഷൻ ഓഫീസിനു സമീപം കണ്ടു. ഏതു നേരവും മൃഗങ്ങൾ സഞ്ചരിയ്ക്കുന്ന വഴിയായതിനാലാവാം വഴി നീളെ ബമ്പുകൾ ഉണ്ട്. പുള്ളിമാൻ കൂട്ടങ്ങളെ വീണ്ടും കണ്ടു.

തമിഴ്നാട് അതിർത്തി കഴിഞ്ഞ് കർണാടക ബന്ദിപ്പൂർ ടൈഗർ റിസർവ്വിൽ പ്രവേശിച്ച ഉടനെ അവിടെയൊരു കൂറ്റൻ ഒറ്റയാൻ പാർക്കുന്ന സ്ഥലം ഡ്രൈവർ സർ കാണിച്ചു തന്നു. ‘ഭയങ്കര കൊമ്പും ചെവിയുമോക്കെയായി ഒരു സാധനം... എപ്പോഴും ഈ ഭാഗത്ത് കാണാം!‘ ഡ്രൈവർ സർ ആവേശം കൊണ്ടു. ഞാൻ ഇൻറർനെറ്റിൽ കണ്ടിട്ടുണ്ട്, ബന്ദിപ്പൂർ വനമേഖലയിലെ നിലത്തു മുട്ടുന്ന കൊമ്പുകൾ ഉള്ള ഒരുത്തന്റെ ഫോട്ടോ! പക്ഷെ ഒറ്റയാനെ കണ്ടില്ലെങ്കിലും കുറച്ചു അപ്പുറത്ത് ഒരു കൂട്ടം പിടിയാനകളെ ക്യാമറയിൽ കിട്ടി. പെണ്ണുങ്ങൾ അങ്ങനെ മദിച്ചു നടക്കുകയാണ്!

വനമേഖല കഴിഞ്ഞ ഗുണ്ടൽപേട്ടയ്ക്ക് അടുത്തായിരുന്നു ലഞ്ച് ബ്രേക്ക്. ഇടയ്ക്കിടെയുള്ള ബംപും ഹെവി ട്രാഫിക്കും കാരണം മുക്കാൽ മണിക്കൂറോളം വൈകിയാണ് ബസ് മൈസൂർ എത്തിയത്.

അവിടെ വെച്ച്, വഴിക്കടവ് കാരനായ ബസ് ഫാൻ ഗ്രേസ് മത്തായി വന്നു. ഞങ്ങൾ പിന്നീട് വഴിയരികിൽ പാർക്ക് ചെയ്തിരുന്ന മൈസൂർ ബസിലേയ്ക്ക് ചെന്ന് ഡ്രൈവർ സാറും മണ്ണാർക്കാട് കാരനായ കണ്ടക്ടർ സജീഷ് ചേട്ടനുമായി കുറെ സംസാരിച്ചു. അവിടെ വെച്ചാണ് അവരുടെ പേരും സ്ഥലവുമൊക്കെ ചോദിയ്ക്കുന്നത്. ഒട്ടേറെ കാര്യങ്ങൾ സംസാരിച്ചു. ഞാൻ ഇന്ന് ഇതേ ബസിനു തന്നെ തിരിച്ചു ഉണ്ടാകുമെന്ന് പറഞ്ഞപ്പോൾ രണ്ടു പേരും ‘ഹമ്പട കേമാ‘ എന്ന അർത്ഥത്തിൽ ചിരിച്ചു. ഈ ബസ് കുറെ നാളായി എന്നെ മോഹിപ്പിയ്ക്കുന്നു, പിന്നെ ഇങ്ങനെയൊക്കെ ഇടയ്ക്കിടയ്ക്ക് ഒരു യാത്ര പോകാറുണ്ട് എന്നൊക്കെ ഞാൻ പറഞ്ഞു. ഡ്രൈവർ സാറിന്റെ വക, പഴവും, തണ്ണിമത്തനും ഒക്കെ കഴിച്ച് നല്ല കുറച്ചു നിമിഷങ്ങൾ ചിലവഴിച്ചു. വളരെ നല്ല സ്റ്റാഫ്. പിന്നെ അതിൽ തന്നെ ഞങ്ങൾ സ്റ്റാൻഡിൽ വന്നു. കുറച്ചു നേരത്തെ ഫോട്ടോ സെഷനും കഴിഞ്ഞ് കൃത്യം 6 മണിയോടെ ബസ് മടക്കയാത്ര ആരംഭിച്ചു.

വഴിയ്ക്ക് കേരളത്തിൽ നിന്ന് വന്ന ഒരു ചരക്കു ലോറിയുമായി ചില്ലറ വാക്ക് തർക്കം ഉണ്ടായി. ബസ് ഓവർ ടെക് ചെയ്തപ്പോൾ അവരുടെ ലോറിയിൽ തട്ടിയെന്നാരോപിച്ച് ആയിരുന്നു വഴക്ക്. സത്യത്തിൽ ഒരു പോറൽ പോലും ഉണ്ടായില്ല. ഡ്രൈവർ സാറിന്റെ സമചിത്തതയോടെയുള്ള പെരുമാറ്റവും, കണ്ടക്ടറുടെയും യാത്രക്കാരുടെയും തകർപ്പൻ സപ്പോർട്ടും വലിയൊരു പ്രശ്നത്തിൽ നിന്ന് യാത്രയെ രക്ഷിച്ചു. പരാതി കൊടുക്കണോ സർ എന്ന് ഞാൻ ചോദിച്ചപ്പോൾ ഡ്രൈവർ സർ പറഞ്ഞു പരാതി കൊടുക്കാനൊക്കെ പോയാൽ ഇന്ന് രാത്രി കാട് കടക്കൽ ഉണ്ടാവില്ല എന്ന്. എങ്കിലും കണ്ടക്ടർ അവരുടെ നമ്പർ നോട്ട് ചെയ്തു. ഏഴരയോടെ നേരം നന്നായി ഇരുട്ടി. വീണ്ടും ബന്ദിപ്പൂർ മുദുമലൈ വനമെഖലകൾ...

ഈ വരവിൽ നാല് സ്ഥലങ്ങളിലാണ് ആനക്കൂട്ടങ്ങളെ കണ്ടത്. നമ്മുടെ നാട്ടിലൊക്കെ പശുക്കളെയും ആടുകളെയും ഒക്കെ കാണുന്നത് പോലെ, കുഞ്ഞുങ്ങളുമായി അമ്മമാർ സധൈര്യമായി മേയുന്നു! ഇവിടെയും ഡ്രൈവർ സർ, എന്നെ വീഡിയോ എടുക്കാൻ സഹായിച്ചു. ഒരു പിടിയാന ബസിനു നേരെ ചിന്നം വിളിയ്ക്കുകയും ചെയ്തു! ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് വക ജീപ്പ് മുന്നിൽ പോകുന്നുണ്ടായിരുന്നു. അവർ ആനകൾക്കിടയിലെയ്ക്ക് വണ്ടി കേറ്റി നിർത്തിയാണ് സഞ്ചാരികൾക്ക് കാഴ്ച കാണിച്ചു കൊടുക്കുന്നത്. കണ്ടക്ടർ ഒരിയ്ക്കൽ ഇതേ റൂട്ടിൽ ഒരു ഡീലക്സ് വർക്ക് ചെയ്തു വരുമ്പോൾ പുള്ളിപ്പുലിയെ കണ്ടുവത്രെ! ആനയും പുലിയും കരടിയും കടുവയുമൊക്കെ സ്വസ്ഥമായി സ്വതന്ത്രമായി വിഹരിയ്ക്കുന്ന ആ ഭീകര വനത്തിന്റെ രൂപം, നിലാവുദിച്ചതോടെ കൂടുതൽ ഭയാനകമായി. കൂടാതെ കോടമഞ്ഞും. ഞങ്ങൾ വനമേഖല കടക്കുമ്പോഴേയ്ക്കും ഇങ്ങോട്ടുള്ള ഗതാഗതം നിർത്തിയിരുന്നു. ഇനി രാവിലെ 6 മണി വരെ രാത്രി പാസ് ഉള്ള ബസ് സർവീസുകൾക്ക് മാത്രമേ ഈ വഴി തുറന്നു കൊടുക്കുകയുള്ളൂ.

തുടർന്ന്! നാടുകാണി കഴിഞ്ഞ് ചുരം ഇറങ്ങാൻ തുടങ്ങി. ഈ വഴിയിൽ പണ്ട് ഒരു ഒറ്റയാനെ കണ്ട കാര്യം ഡ്രൈവർ സർ പറഞ്ഞു. പുറകിൽ ആരോ ചർദ്ദിയ്ക്കുന്നത് കേൾക്കാം. ഇടത്തോട്ടും വലത്തോട്ടും ആടിയാടിയുള്ള യാത്രയല്ലേ... വയർ കേടായിക്കാണും. ഗ്രേസ് മത്തായി യുടെ നാടായ വഴിക്കടവ് വെച്ചാണ് അത്താഴം കഴിച്ചത്. പിന്നീട് ബസ് നല്ല കുതിപ്പായിരുന്നു. ഇടയ്ക്ക് വെച്ച് ആക്സിലിൽ നിന്ന് എന്തോ ശബ്ദം കേട്ടതിനെ തുടർന്ന്! നിലമ്പൂർ ഡിപ്പോയിൽ കേറ്റിയെങ്കിലും പെട്ടെന്ന് തന്നെ പ്രശ്നം പരിഹരിയ്ക്കപ്പെട്ടു.

പിന്നെയങ്ങോട്ട് ബസ് പറ പറന്നു. ട്രാഫിക്കും തീരെയില്ല, നല്ല റോഡും. ബസ് തിരിച്ചു വന്നത് കുന്ദംകുളം വഴിയായത് കൊണ്ട് തൃശ്ശൂർ വരെ ഞാൻ ബസിൽ ഇരുന്നു. ഡ്രൈവർ സാറിനോട് ഓരോ കാര്യങ്ങൾ സംസാരിച്ചു കൊണ്ട് അദ്ദേഹത്തിന് കമ്പനി കൊടുത്തു. 2 വർഷമായി അദ്ദേഹം ഈ റൂട്ടിൽ വർക്ക് ചെയ്യുന്നു. കണ്ടക്ടർ, പുതിയ ആളാണ്. വനമേഖലകളെ കുറിച്ചും, രാത്രി യാത്രയിലെ ഫെയർ സ്റ്റേജിനെക്കുറിച്ചും, റൂട്ടുകളെകുറിച്ചും സംസാരിച്ചു. അങ്ങനെ സംസാരിച്ചിരുന്നു നേരം പോയതറിഞ്ഞില്ല. എന്നോട് പറഞ്ഞിരുന്ന സമയത്ത് തന്നെ രാത്രി 1.30 ന് തൃശ്ശൂർ എത്തി, ഞാൻ രണ്ടു പേരോടും യാത്ര പറഞ്ഞ് ഇറങ്ങി.

2 മണിയുടെ മലബാർ എക്സ്പ്രസ്സിൽ കേറി ഞാൻ ഷോർണ്ണൂർ എത്തി. 3 മണിയ്ക്ക് വീട്ടിലും എത്തി